പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2617 | 10.12.2014- ൽ മറുപടിക്ക് |
|---|---|

## ഇംഹാൻസ് നടത്തുന്ന സാമൂഹ്യ – മാനസികാരോഗ്യ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ. കെ. ലതിക | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കോഴിക്കോട് ഇംഹാൻസിന്റെ ആഭിമുഖ്യത്തിൽ ഏതൊക്കെ സാമൂഹ്യ-മാനസികാരോഗ്യ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും, ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ; | എ) | ഇംഹാൻസിന്റെ ആഭിമുഖ്യത്തിൽ കാസറഗോഡ്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽസാമൂഹ്യ-മാനസികാരോഗ്യ പദ്ധതിയും കമ്മ്യൂണിറ്റി ഡവലപ്മെന്റൽ ഡിസബിലിറ്റി പ്രോഗ്രാമും നടപ്പിലാക്കി വരുന്നു. വയനാട് ജില്ലയിൽ കേന്ദ്ര സർക്കാരിന്റെ ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ജില്ലാ മാനസികാരോഗ്യ പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. മാനസിക രോഗികൾക്ക് അവരവരുടെ പ്രദേശത്ത് തന്നെ സൗജന്യ ചികിത്സയും മരുന്നും മറ്റു സേവനങ്ങളും നൽകുകയും മാനസിക രോഗികളോടുള്ള സമൂഹത്തിന്റെ അവഗണന മാറ്റിയെടുക്കുന്നതിന് വേണ്ട പരിശീലന- ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയുമാണ് സാമൂഹ്യ-മാനസികാരോഗ്യ പദ്ധതിയുടെ ലക്ഷ്യം. സൈക്യാട്രിസ്റ്റ്, മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ഫാർമസിസ്റ്റ്, ക്ലാർക്ക്, അറ്റന്റർ എന്നിവർ അടങ്ങിയ ഒരു ടീം ആണ് ഓരോ ജില്ലയിലും പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്നത്. കുട്ടികളിലെ വൈകാരിക- മാനസിക പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തി ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യാതെതന്നെ അവരുടെ ഏറ്റവും അടുത്ത ഹെൽത്ത് സെന്ററിൽ ചികിത്സ ലഭ്യമാക്കുകയും പരിഹാര തെറാപ്പികൾ നൽകുകയുമാണ് കമ്മ്യൂണിറ്റി ഡവലപ്മെന്റൽ ഡിസബിലിറ്റി പ്രോഗ്രാമിന്റെ ലക്ഷ്യം. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, സ്പെഷ്യൽ എജ്യുക്കേറ്റർ എന്നിവരുടെ സേവനം ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ നൽകിവരുന്ന സഹായം 2014-15 വർഷത്തിൽ ലഭിച്ചിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | ഇല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതികൾ തുടർന്നു നടത്തുന്നതിന് ഫണ്ട് ലഭ്യമാക്കുമോ; | സി) | ഇംഹാൻസിന്, പദ്ധതി പ്രവർത്തനത്തിനായി ധനസഹായം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി) | പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ? | ഡി) | ഈ സാമ്പത്തിക വർഷത്തിൽ, സാമൂഹ്യ-മാനസികാരോഗ്യ പദ്ധതിക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തത, പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നുണ്ടെങ്കിലും പദ്ധതിയ്ക്ക് മുടക്കം വരാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**